ഉത്തരം

പ്രഗത്ഭ കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നല്കുന്ന ഒരു പദ്ധതി നിലവിലുണ്ട്. അതുപ്രകാരം പ്രതിവർഷം വിവിധ കായിക ഇനങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച വ്യക്തികൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ വകുപ്പുകളിൽ വിവിധ തസ്തികകളിലായി ജോലി നല്കുന്നു.

അർദ്ധ സർക്കാർ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരവും, വിവിധ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ടീമുകളേയും കായിക താരങ്ങളേയും സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെക്കുറിച്ചുള്ള വിവരവും ശേഖരിച്ചു വരുന്നു.

**പുതിയ സ്പോർട്ട്സ് സ്കൂളുകൾ**

**113 (4157)** ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്പോർട്ട്സ് സ്കൂളുകൾ നിലവിലുണ്ട് ; അവ എവിടെയെല്ലാം ;

(ബി) പുതിയ സ്പോർട്ട്സ് സ്കൂളുകൾ ആരംഭിക്കുവാൻ നടപടി എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എവിടെയൊക്കെയാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കായിക വികസനത്തിന് സ്പോർട്ട്സ് കൗൺസിൽ നടപ്പിലാക്കിയതും, നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് ജി. വി. രാജ സ്പോർട്ട്സ് സ്കൂളും, കണ്ണൂരിൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനോടനുബന്ധിച്ച് ഒരു സ്പോർട്ട്സ് ഡിവിഷനും നിലവിലുണ്ട്.

(ബി) ഇല്ല.

(സി) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

**നീന്തൽ പരിശീലന കേന്ദ്രങ്ങൾ**

**114 (4158)** ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര നീന്തൽ പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ നിലിവിലുണ്ട് ;

---

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവ ഏതെല്ലാം ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് തൃശ്ശൂർ, ആലപ്പുഴ, തിരുവനന്തപുരം എന്നിവിടങ്ങളിലായി സ്പോർട്ട്സ് കൗൺസിലിന്റെ കീഴിൽ കുട്ടികളെ താമസിപ്പിച്ചു പഠിപ്പിക്കുന്ന 3 നീന്തൽ പരിശീലന കേന്ദ്രങ്ങൾ നിലവിലുണ്ട്. അതിനു പുറമെ കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകൾ ഒഴികെ മറ്റു ജില്ലകളിൽ ഗ്രാമതലങ്ങളിൽ നീന്തൽ പരിശീലന കേന്ദ്രങ്ങൾ ഉണ്ട്.

**കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം നിർമ്മാണം**

**115 (4159)** ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം പണി പൂർത്തിയാകാത്ത കാര്യം സ്പോർട്ട്സ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പണി പൂർത്തിയാക്കുന്നതിന് തടസ്സം നിൽക്കുന്ന കാര്യങ്ങൾ പരിശോധിച്ച് അവയ്ക്ക് പരിഹാരം കാണുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സ്റ്റേഡിയം എന്നത്തേയ്ക്ക് പണി പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) സ്പോർട്ട്സ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം നടന്നു വരുന്നതായറിയുന്നു. സ്റ്റേഡിയത്തിന്റെ പണി നിശ്ചിത സമയ പരിധിക്കകം തീർക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പലതവണ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും കരാറിലെ ഉപാധികൾ സ്വീകരിച്ച് കരാർ ഒപ്പുവയ്ക്കുന്നതിന് കരാറുകാരൻ ഇതുവരെ തയ്യാറായിട്ടില്ലെന്നും കരാറുകാരനെ പ്രസ്തുത പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കുന്നതിന് ഹൈക്കോടതിയുടെ അനുമതി ആവശ്യമാണെന്ന് ഒ. പി. നമ്പർ 27683/02 കേസിലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിരുന്നതിനാൽ ഹൈക്കോടതിയുടെ അനുമതിയോടെ കരാറുകാരനെ ആ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നിയമനടപടികൾ കോഴിക്കോട് നഗരസഭ സ്വീകരിച്ചു വരുന്നതായി തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്

**നെഹ്റു യുവകേന്ദ്രയുടെ പ്രവർത്തനങ്ങൾ**

**116 (4160)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെഹ്റു യുവകേന്ദ്ര എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly